പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 390 07/01/2014- ൽ മറുപടിക്ക്

# നിർദ്ദിഷ്ട അതിരപ്പള്ളി, പൂയംകട്ടി ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നിർദ്ദിഷ്ട അതിരപ്പള്ളി, പൂയംകുട്ടി ജലവൈദ്യുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; | (എ) നിർദ്ദിഷ്ട അതിരപ്പള്ളി, പൂയംകട്ടി ജലവൈദ്യുത പദ്ധതികൾ, പശ്ചിമ ഘട്ട മലനിരകളുടെ പരിസ്ഥിതി സന്തുലിതാവസ്ഥയെപ്പറ്റി പഠിക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച ഗാഡ്ഗിൽ/കസ്തൂരി രംഗൻ സമിതികളുടെ പരിഗണനയ്ക്കായി കേന്ദ്രസർക്കാർ നൽകിയിരുന്നു. സമിതിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പദ്ധതികൾക്ക് പരിസ്ഥിതി അനുമതി നൽകുകയുള്ളൂ. |
| (ബി) പ്രസ്തുത രണ്ട് ജലവൈദ്യുത പദ്ധതികളിലൂടെയും എത്ര മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്നറിയിക്കുമോ; | (ബി) അതിരപ്പള്ളി ജലവൈദ്യുത പദ്ധതി 163 MW<br>പൂയംകട്ടി ജലവൈദ്യുത പദ്ധതി 210 MW |
| (സി) ഓരോ പദ്ധതിക്കും വേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) അതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര വന പരിസ്ഥിതി മന്ത്രാലയത്തിന്റെ എല്ലാ അനുമതിയും ലഭിച്ചിരുന്നു. എന്നാൽ 2007 ൽ നൽകിയ പാരിസ്ഥിതിക അനുമതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം റദ്ദ് ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. പ്രസ്തുത പദ്ധതിക്കാവശ്യ മായ വനഭൂമി, വനേതര പ്രവർത്തനങ്ങൾക്കായി |

ഉപയോഗിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. പൂയംകുട്ടി ജല വൈദ്യുത പദ്ധതിയ്ക്ക് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതികൾ ഇനിയും ലഭിക്കേണ്ടതുണ്ട്.

(ഡി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയങ്ങൾ പ്രസ്തുത പദ്ധതികൾ ഓരോന്നിനെക്കുറിച്ചും ഒടുവിൽ സ്വീകരിച്ച നിലപാട് അറിയിക്കുമോ;

(ഡി) പശ്ചിമഘട്ട മലനിരകളുടെ പരിസ്ഥിതി സന്തുലനാവസ്ഥയെപ്പറ്റി പഠിക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച ഗാഡ്ഗിൽ/കസ്തൂരിരംഗൻ സമിതികളുടെ ശുപാർശകൾ പരിഗണിച്ച മാത്രമേ തുടർ നടപടികൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സ്വീകരിക്കുകയുള്ളൂ എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

(ഇ) പ്രസ്തുത പദ്ധതികൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയത് ഏതെല്ലാം നിലയിലായിരുന്നു;

(ഇ) പ്രസ്തുത പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) പ്രകാരമുള്ള മതിപ്പ ചെലവിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(എഫ്) തദവസരത്തിൽ ഓരോ പദ്ധതിക്കും കണക്കാക്കിയ മതിപ്പ് ചെലവ് എത്രയായിരുന്നു; പ്രസ്തുത പദ്ധതികളുടെ ഓരോന്നിന്റെയും ചെലവിൽ ഇപ്പോഴുണ്ടായ വർദ്ധന എത്രയെന്ന് വിശദമാക്കുമോ;

(എഫ്) അതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് DPR ൽ 2004-05 SOR പ്രകാരം കണക്കാക്കപ്പെട്ട മതിപ്പ ചെലവ് 385.63 കോടി രൂപയാണ്.

പൂയംകുട്ടി ജലവൈദ്യുത പദ്ധതിക്ക് DPR ൽ 2008 SOR പ്രകാരം മതിപ്പ ചെലവ് 1367.43 കോടി രൂപയാണ്.

പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പുതുക്കിയ നിരക്കിലുള്ള മതിപ്പ ചെലവ് കണക്കാക്കിയിട്ടില്ല.

(ജി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ ?

(ജി) അതിരപ്പള്ളി ജലവൈദ്യുത പദ്ധതി സംബന്ധിച്ച് കസ്തൂരിരംഗൻ സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ അന്തിമ പാരിസ്ഥിതിക അനുമതി ലഭ്യമാക്കാൻ സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ